"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.28/2025/PWD തീയതി,തിരുവനന്തപുരം, 28-04-2025

പരാമർശം:-
1. 06.02.2017 -ലെ സഉ(പി)നം. 16/2017/ധന
2. 20.02.2024-ലെ സ.ഉ. (സാധാ)നം. 222/2024/പൊമവ
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ1 16.11..2024, 24.03.2025 എന്നീ തീയതികളിലെ CEPWD/20677/2024-C3(W)-RD നം. കത്തുകൾ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം 700 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും, അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 3 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ രണ്ട് ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. 3ാ‍ാം ടെണ്ടറിൽ ഒരു ബിഡ് ലഭിച്ചിരുന്നെങ്കിലും ക്വോട്ട് ചെയ്ത തുക Estimate PAC-യെക്കാൾ 24.69% അധികം ആയിരുന്നു. റേറ്റ് കുറയ്ക്കുന്നതിന് ബിഡർ സമ്മതിച്ചിരുന്നില്ല. പ്രസ്തുത ബിഡ് സമർപ്പിച്ച M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 7,33,39,606/- രൂപ എന്നത് മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും, ടെൻഡർ സംബന്ധിച്ച മേൽ വിവരങ്ങൾ പരിഗണിച്ച്, നിലവിൽ ബിഡർ ക്വോട്ട് ചെയ്തിരിക്കുന്ന 7,33,39,606/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, എംസി റോഡിനെയും വെഞ്ഞാറമൂട്-കഴക്കൂട്ടം കെ.എസ്.ടി.പി റോഡിനെയും ബന്ധിപ്പിക്കുന്ന പ്രധാന റോഡിൽ നിലവിൽ ധാരാളം

കുഴികൾ ഉള്ളതിനാലും വെഞ്ഞാറമൂട് ഫ്ലൈഓവറിന്റെ പ്രവൃത്തി ഉദ്ഘാടനം കഴിഞ്ഞതിനാൽ, ഗതാഗതം വഴിതിരിച്ചുവിടുന്നതിനായി ഉപയോഗിക്കേണ്ട ഈ റോഡിൽ മഴക്കാലത്തിന് മുമ്പ് അടിയന്തരമായി പ്രവൃത്തി നടത്തേണ്ടതിനാലും , നിരക്ക് പരിഷ്കരിച്ച് ടെൻഡർ ചെയ്താൽ കൂടുതൽ പണം ആവശ്യമായി വരുമെന്നതിനാലും, തിരുവനന്തപുരം ജില്ലയിലെ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 7,33,39,606/- രൂപ (ഏഴ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അറുന്നൂറ്റി ആറ് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 24.69% കൂടുതൽ ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്"എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (I&PW-B1/32/2025-Fin (E. 3021408) 10-03-2025)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 28-04-2025 11:24:26
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-04-2025

ഫയൽ നം. പൊ.മ.വ.-ജി3/523/2024/പൊ.മ.വ. ഇനം നം: 2871

വിഷയം : പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ "Sabarimala Work 2023-24 - Vettinad - Velavoor road - Upgradation of Vettinad - Velavoor road Ch.0/000 to 5/500 with BM&BC General Civil Work" - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

2871

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി3/523/2024-പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ജി) വകുപ്പ് |
| 3 | വിഷയം | : | തിരുവനന്തപുരം ജില്ലയിൽ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" -നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11.04.2025 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി മുംതാസ് ബീഗം എ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21-04-2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22-04-2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22-04-2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22-04-2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s Sreedhanya Construction Company സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. തിരുവനന്തപുരം ജില്ലയിൽ "Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിക്കായി 20.02.2024-ലെ സ.ഉ. (സാധാ)നം. 222/2024/പൊമവ ഉത്തരവ് പ്രകാരം 700 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും , അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 3 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ രണ്ട് ടെണ്ടറുകളിൽ ബിഡ്ഡുകൾ ലഭിച്ചിരുന്നില്ല. 3ാം ടെണ്ടറിൽ ഒരു ബിഡ് ലഭിച്ചിരുന്നെങ്കിലും ക്വോട്ട് ചെയ്ത തുക അംഗീകരിക്കാവുന്ന നിരക്കിലും അധികം ആയിരുന്നു (24.69% അധികം). തുക കുറയ്ക്കുന്നതിന് ബിഡർ തയ്യാറായിരുന്നില്ല. ബിഡിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| No. | Bidder | Estimate PAC | LMR PAC | Current SoR+10.00% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | M/s Sreedhanya Construction Company | 58817690 | 78000250.35 32.61%> EPAC | 64699459 10.00%> EPAC | 24.69 % | 73339605.80 |

Quoted PAC 7,33,39,606/- രൂപ, EstimatePAC - യെക്കാൾ 24.69% കൂടുതലും, Current SoR+10.00% നിരക്കിനെക്കാൾ 13.35% കൂടുതലും , LMR PAC-യെക്കാൾ 5.98% കുറവുമാണ്. ആയത് നിലവിൽ അനുവദനീയമായ Current SOR +10% നിരക്കിനെക്കാൾ അധികമായ നിരക്കിൽ ശ്രീധന്യ

കൺസ്ട്രക്ഷൻ കമ്പനിയുടെ പേരിൽ ടെണ്ടർ അനുവദിക്കാൻ ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 ലെ സ.ഉ (പി)16/2017/ധന പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതാണ്. ഇവിടെ ക്വോട്ട് ചെയ്ത തുക പ്രസ്തുത പരിധിയിലധികമായതിനാൽ ടെണ്ടർ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് നൽകിയിരുന്നു.

4. തുടർന്ന് ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സിനായി നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുന്നതിൻ പ്രകാരം അഭിപ്രായപ്പെട്ടു.

"AD is informed as follows:As per the prevailing G.O, the maximum admissible amount is least of LMR amount, D.S.R +10% tolerance amount or quoted amount.

a) Quoted Amount - Rs. 7,33,39,605.80/-
b) DSR 2018 + 10% Tolerance amount - Rs. 6,46,99,459/-
c) LMR - Rs.7,80,00,250.35/-

Accordingly the admissible amount comes to Rs. 6,46,99,459/- (based on D.S.R 2018 +10% tolerance), which is less than (11.78%) the quoted amount.

Since the quoted amount is not within the limits of acceptance as per GOs in force **(13.35% above the admissible amount of Rs. 6,46,99,459/- (based on D.S.R 2018 + 10% tolerance)** Administrative Department is **advised to negotiate again with the bidder to reduce the quoted rates to bring them within DSR + 10% tolerance limit.**

This has the approval of Hon. Minister (Finance)."

5. 2023-24 സാമ്പത്തിക വർഷത്തിൽ, 20/02/2024 ന്, ബിഎം & ബിസി നിലവാരത്തിലേക്ക് റോഡ് നവീകരിക്കുന്നതിനായി 'ശബരിമല പ്രവൃത്തികളിൽ ഉൾപ്പെടുത്തി 7 കോടി രൂപയുടെ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി 3 തവണ ടെൻഡർ ചെയ്തു. ആദ്യ രണ്ട് ടെൻഡറുകളിലും ആരും പങ്കെടുത്തില്ല, മൂന്നാമത്തെ ടെൻഡറിൽ ഒരു ബിഡ് ലഭിച്ചു, ഇത് EstimatePAC

24.69% കൂടുതലാണ്. ധനകാര്യ വകുപ്പിന്റെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ ലേലക്കാരനുമായി വീണ്ടും ചർച്ച നടത്തി, പക്ഷേ ലേലക്കാരൻ നിരക്ക് കുറയ്ക്കാൻ തയ്യാറായില്ല. എംസി റോഡിനെയും വെഞ്ഞാറമൂട്-കഴക്കൂട്ടം കെഎസ്ടിപി റോഡിനെയും ബന്ധിപ്പിക്കുന്ന പ്രധാന റോഡാണിതെന്നും ടെൻഡർ അംഗീകരിക്കണമെന്നും ധാരാളം കുഴികൾ ഉള്ളതിനാൽ ജോലി വേഗത്തിൽ നടത്തണമെന്നും ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി അഭ്യർത്ഥിച്ചിരുന്നു. വെഞ്ഞാറമൂട് ഫ്ലൈഓവറിന്റെ പ്രവൃത്തി ഉദ്ഘാടനം കഴിഞ്ഞതിനാൽ, ഗതാഗതം വഴിതിരിച്ചുവിടുന്നതിനായി ഉപയോഗിക്കേണ്ട ഈ റോഡിൽ മഴക്കാലത്തിന് മുമ്പ് അടിയന്തരമായി പ്രവൃത്തി നടത്തേണ്ടതുണ്ട്, കൂടാതെ റണ്ണിംഗ് കോൺട്രാക്ട് വഴി അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത റോഡാണിത്. നിരക്ക് കുറയ്ക്കാൻ ലേലക്കാരൻ തയ്യാറാകാത്തതിനാലും നിരക്ക് പരിഷ്കരിച്ച് ടെൻഡർ ചെയ്താൽ കൂടുതൽ പണം ആവശ്യമായി വരുമെന്നതിനാലും, മൂന്നാം ടെൻഡറിൽ ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി സമർപ്പിച്ച സിംഗിൾ ബിഡുമായി മുന്നോട്ട് പോകുന്നതിനും മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

6. ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

## <u>തീരുമാനിക്കേണ്ട വിഷയം</u>

തിരുവനന്തപുരം ജില്ലയിൽ " Sabarimala Work 2023-24 - Vettinad Velavoor road- Upgradation of Vettinad Velavoor road Ch. 0/000 to 5/500 with BM&BC General Civil Work" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s Sreedhanya Construction Company സമർപ്പിച്ച ക്വോട്ട് ചെയ്ത തുകയായ 7,33,39,606/- രൂപ (ഏഴ് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അറുനൂറ്റി ആറ് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 24.69% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 ലെ സ.ഉ (പി) നം. 16/2017/ധന -ലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്'' എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?